ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23-01-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കേരളത്തിൻറെ വികസനത്തിനായി കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ ദരിദ്രരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഫലം കേരളത്തിലെ ജനങ്ങൾക്കും ലഭിച്ചതായി പ്രധാനമന്ത്രി.

   Prime Minister Narendra Modi said that the union government will ensure all possible assistance for the development of Kerala. The Prime Minister said that the people of Kerala have also received the benefits of the schemes implemented for the upliftment of the poor in the country.

2. കേരളത്തിന് അനുവദിച്ച അമൃത് ഭാരത് എക്സ്പ്രസുകൾ ഉൾപ്പടെ നാല് പുതിയ ട്രയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. പുതിയ ട്രെയിനുകൾ സംസ്ഥാനത്തിൻറെ യാത്രാസൗകര്യം വലിയ തോതിൽ മെച്ചപ്പെടുത്തുമെന്നും പ്രധാനമന്ത്രി.

   The Prime Minister flagged off four new trains, including the Amrit Bharat Expresses, allocated to Kerala. The Prime Minister said that the new trains will improve the transport facilities of the state to a great extent.

3. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനമായ ഇന്ന് രാജ്യം പരാക്രം ദിവസ് ആചരിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് ഒഡിഷയിൽ നടക്കുന്ന പരിപാടിയിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുക്കും.

Nation observes Parakram Diwas on the the birth anniversary of Netaji Subhas Chandra Bose, today. Vice President C P Radhakrishnan will participate in the observance day program being held in Odisha.

4. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയാകും.

Chief Minister Pinarayi Vijayan will inaugurate the construction of the second phase of development works of Vizhinjam port tomorrow. Union Minister Sarbananda Sonowal will be the chief guest.

5. ഗതാഗത ആവാസവ്യവസ്ഥയിൽ ഒറ്റക്കെട്ടായി മുന്നോട്ട് പോകാൻ ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ ധാരണയായി.

India and European Union agreed on advancing EU-India engagement in the transport ecosystem.

6. ഇന്ത്യ–ന്യൂസിലാൻഡ് ട്വന്റി ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് റായ്പുരിൽ നടക്കും.

The second match of the India-New Zealand Twenty20 cricket series will be played in Raipur today.

********************

## PM-Visit (INTRO)

കേരളത്തിൻറെ വികസനത്തിനായി കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തിരുവനന്തപുരത്ത് വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. തിരുവനന്തപുരത്തെ വലിയ സ്റ്റാർട്ട്അപ്പ് ഹബ്ബാക്കുന്നതിൻറെ ഭാഗമായുള്ള പദ്ധതിയ്ക്കാണ് ഇന്ന് തുടക്കം കുറിച്ചത്. ഇന്ന് ഫ്ളാഗ് ഓഫ് ചെയ്ത ട്രെയിനുകൾ സംസ്ഥാനത്തിൻറെ യാത്രാസൗകര്യം വലിയ തോതിൽ മെച്ചപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ ദരിദ്രർക്ക് സൗജന്യ വൈദ്യുതി നൽകുന്ന പി എം സൂര്യഘർ ഉൾപ്പെടെയുളള പദ്ധതികളുടെ ഗുണഫലം കേരളത്തിലെ ജനങ്ങൾക്കും ലഭിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ഒരു ദിവസത്തെ സന്ദർശനത്തിനായി രാവിലെ 10.15ഓടെ തിരുവനന്തപുരത്തെത്തിയ പ്രധാനമന്ത്രിയെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. ഓവർ ബ്രിഡ്ജിൽ നിന്ന് പരിപാടി നടക്കുന്ന പുത്തരിക്കണ്ടം മൈതാനം വരെ അദ്ദേഹം റോഡ് ഷോ നടത്തി. ബിജെപി പ്രവർത്തകർ വലിയ ആഘോഷമായാണ് ശ്രീ.മോദിയെ സ്വീകരിച്ചത്. നാല് പുതിയ ട്രയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. നഗര ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, വഴിയോര കച്ചവടക്കാർക്ക് വേണ്ടിയുള്ള 'പിഎം സ്വനിധി ക്രെഡിറ്റ് കാർഡ്' അദ്ദേഹം പുറത്തിറക്കി. യുപിഐയുമായി ബന്ധിപ്പിച്ചിട്ടുള്ള പലിശരഹിത ക്രെഡിറ്റ് സൗകര്യം കച്ചവടക്കാർക്ക് പെട്ടെന്നുള്ള പണലഭ്യത ഉറപ്പാക്കുകയും ഡിജിറ്റൽ ഇടപാടുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. തിരുവനന്തപുരത്തെ സിഎസ്ഐആർ-എൻഐഐഎസ് ടി ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് എന്റർപ്രണർഷിപ്പ് ഹബ്ബിന്റെ തറക്കല്ലിടലും വേദിയിൽ അദ്ദേഹം നിർവ്വഹിച്ചു. ശ്രീചിത്ര

ഇൻസ്റ്റിറ്റ്യൂട്ടിൽ അത്യാധുനിക റേഡിയോ സർജറി സെൻററിന് തറക്കല്ലിട്ട പ്രധാനമന്ത്രി പൂജപ്പുര ഹെഡ് പോസ്റ്റ് ഓഫീസ് പുതിയ കെട്ടിടവും ഉദ്ഘാടനം ചെയ്തു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി എം ബി രാജേഷ്, മേയർ വി വി രാജേഷ്, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവർ പങ്കെടുത്തു.

********************

## PM -NEW TRAINS

നാഗർകോവിൽ - മംഗലാപുരം, തിരുവനന്തപുരം - താമ്പരം, തിരുവനന്തപുരം - ചാർലപ്പള്ളി എന്നീ അമൃത് ഭാരത് എക്സ്പ്രസുകളുടേയും തൃശൂർ ഗുരുവായൂർ പാസഞ്ചർ ട്രെയിനിന്റേയും ഫ്ളാഗ് ഓഫാണ് പ്രധാനമന്ത്രി ഇന്ന് നിർവ്വഹിച്ചത്. പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രവനീത് സിംഗ് ബിട്ടുവും കൊച്ചുവേളിയിൽ നടന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി വി സോമണ്ണയും പങ്കെടുത്തു. തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു.

********************

## PM-BJP

പുത്തരിക്കണ്ടം മൈതാനത്തു തന്നെ സംഘടിപ്പിച്ച ബിജെപി പൊതുയോഗത്തിലും ശ്രീ മോദി സംബന്ധിച്ചു. തിരുവനന്തപുരം കോർപറേഷൻ തിരഞ്ഞെടുപ്പിൽ ബിജെപിയ്ക്ക് വലിയ വിജയം നൽകിയ തിരുവനന്തപുരത്തെ ജനങ്ങൾക്ക് പ്രധാനമന്ത്രി നന്ദി അറിയിച്ചു. കേരളത്തിൻറെ മുഴുവൻ വികസനത്തിന് തിരുവനന്തപുരത്ത് നിന്ന് ബിജെപി തുടക്കം കുറിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മുതിർന്ന ബിജെപി നേതാക്കളായ പ്രകാശ് ജാവഡേക്കർ, കുമ്മനം രാജശേഖരൻ, വി മുരളീധരൻ, NDA

നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. ശേഷം പ്രധാനമന്ത്രി ചെന്നൈയിലേക്ക് തിരിക്കും. പ്രധാനമന്ത്രിയുടെ സന്ദർശനം പ്രമാണിച്ച് നഗരത്തിൽ കനത്ത സുരക്ഷയും ഗതാഗത നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

********************

## PM - TN VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യും. സംസ്ഥാനത്തെ എൻഡിഎ സഖ്യകക്ഷി നേതാക്കളും യോഗത്തിൽ പങ്കെടുക്കും.ചെന്നൈയ്ക്കടുത്തുള്ള മധുരാന്തകത്താണ് പൊതുയോഗം.

********************

## REV PREZ VP PM NETAJI BOSE

നേതാജി സുഭാഷ് ചന്ദ്രബോസിൻറെ ജന്മദിനമായ ഇന്ന് രാജ്യം പരാക്രമ് ദിവസ് ആചരിക്കുന്നു. ദിനത്തോടനുബന്ധിച് രാഷ്ട്രപതി, ഉപ രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. നേതാജി സുഭാഷ് ചന്ദ്രബോസിൻറെ പോരാട്ടം ദശലക്ഷക്കണക്കിന് ഇന്ത്യക്കാരിൽ ആത്മവിശ്വാസവും ഐക്യവും പകർന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു സമൂഹ മാധ്യമത്തിൽ പറഞ്ഞു.

********************

## VP- ODISHA VISIT

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് നടക്കുന്ന 'പരാക്രം ദിവസ്' ൽ പങ്കെടുക്കുന്നതിനായി ഏകദിന സന്ദർശനത്തിന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് രാവിലെ ഒഡീഷയിലെ ഭുവനേശ്വറിൽ എത്തി. നേതാജിയുടെ 129-ാാം ജന്മവാർഷികത്തോടനുബന്ധിച്ച് ഉപരാഷ്ട്രപതി കട്ടക്കിലെ ജാങ്കിനാഥ് ഭവനിൽ സന്ദർശനം നടത്തി. കട്ടക്കിലെ നേതാജി ജന്മസ്ഥല മ്യൂസിയം സമുച്ചയത്തിന് സമീപം പുതുതായി നിർമ്മിച്ച ജില്ലാ സാംസ്കാരിക കെട്ടിടവും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

********************

## JOSHI-DAVOS (INTRO)

രാജ്യത്ത് ഊർജ്ജ പരിവർത്തനത്തിലൂടെ  കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ആഗോള മത്സരശേഷി  കൈവരിക്കാനും വ്യവസായവൽക്കരണം സാധ്യമാക്കാനും സാധിക്കുന്നതായി കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി.  വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകൾക്ക് പുനരുപയോഗ ഊർജ മേഖല  മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ  സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. (വോയിസ്)

********************

## Vizhinjam

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയായിരിക്കും. വിഴിഞ്ഞത്തെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെൻറ് ഹബ് ആക്കാനാണ് ശ്രമമെന്ന് മന്ത്രി വി എൻ വാസവൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

********************

## CIVIL AVIATION-EU INDIA

ഗതാഗത ആവാസവ്യവസ്ഥയിൽ ഒറ്റക്കെട്ടായി  മുന്നോട്ട് പോകാൻ ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ ധാരണയായി. ദാവോസിൽ ഇന്നലെ നടന്ന ലോക സാമ്പത്തിക ഫോറത്തോടനുബന്ധിച്ച് യൂറോപ്യൻ യൂണിയൻ ട്രാൻസ്പോർട്ട് കമ്മീഷണറുമായി കൂടിക്കാഴ്ച നടത്തിയ സിവിൽ ഏവിയേഷൻ മന്ത്രി കെ. റാംമോഹൻ നായിഡു,  സുസ്ഥിര വ്യോമയാന ഇന്ധനം പോലുള്ള നൂതനാശയങ്ങളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിച്ചതെന്ന് പറഞ്ഞു.

********************

## PRAGATI(INTRO)

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടുകഴിഞ്ഞു. ദേശീയ തലസ്ഥാന മേഖലയോടടുത്തുള്ള ഹരിയാന ഇന്ത്യയുടെ അടിസ്ഥാന സൗകര്യ മേഖലയിൽ തന്ത്രപരമായ പ്രാധ്യാന്യമാണ് വഹിക്കുന്നത്. ഹരിയാനയുടെ വികസനമാണ് ഇന്ന് പ്രഗതി പ്രത്യേക പരമ്പരയിൽ .....

(VOICE)

*ഹരിയാനയിൽ പദ്ധതി നിരീക്ഷണവുമായി ബന്ധപ്പെട്ട പിഎംജി ചട്ടക്കൂടിന് കീഴിൽ 6.38 ലക്ഷം കോടി രൂപ നിക്ഷേപമുള്ള 112 പദ്ധതികളാണ് നടപ്പിലാക്കുന്നത് ഇതിൽ 26 പദ്ധതികൾ പ്രഗതിയുടെ മേൽനോട്ടത്തിലാണ് .ഇതിൽ 57 എണ്ണം കമീഷൻ ചെയ്തു, 55 എണ്ണത്തിന്റെ പ്രവർത്തനം പുരോഗമിക്കുകയാണ് . കൃത്യമായ നിരീക്ഷണത്തിലൂടെ, കണക്റ്റിവിറ്റി, ലോജിസ്റ്റിക്ക് കാര്യക്ഷമത, ടെലികോം വിപുലീകരണം, ആരോഗ്യം ഉൾപ്പെടെ ഹരിയാനയുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രഗതി സംരംഭം നിർണായക പങ്ക് ആണ് വഹിക്കുന്നത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

********************

---

## CRICKET

ഇന്ത്യ–ന്യൂസിലാൻഡ് ട്വന്റി ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. രാത്രി ഏഴു മുതൽ റായ്പുരിലെ ഷഹീദ് വീർ നാരായൺ സിങ് സ്റ്റേഡിയത്തിലാണ് പോരാട്ടം. ആദ്യ കളിയിൽ 48 റൺസിന്റെ മിന്നുന്ന ജയം നേടിയ ടീം ഇന്ത്യ, അഞ്ചു മത്സര പരമ്പരയിൽ ആധിപത്യം തുടരാനുറച്ചാണ് ഇന്നിറങ്ങുക.

********************

---

## SARBANANDA SONOWAL

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് കൊച്ചിയിൽ. ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ മൂന്നാം യോഗത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് വരെ അറിയിക്കാം.

********************

## GOVT - CENSUS

2027 ലെ സെൻസസിന്റെ ആദ്യ ഘട്ടം ഈ വർഷം ഏപ്രിൽ 1 മുതൽ ആരംഭിക്കും. വീടുകളുടെ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങളാണ് ആദ്യ ഘട്ടത്തിൽ നടക്കുക. ഇതിന്റെ ഭാഗമായി പൗരന്മാരിൽ നിന്നും ലഭിക്കേണ്ട 33 പ്രധാന വിവരങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾ കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഏപ്രിൽ 1 നും സെപ്റ്റംബർ 30 നും ഇടയിലാണ് ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക.

********************

**********

***